(ഇ) 17.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ എസ്.സി/എസ്.റ്റി. പദ്ധതികൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പണി പൂർത്തിയാക്കുന്നതാണ്.

ഇല്ലിത്തോട് വാട്ടർ സപ്ലൈ സ്കീം

148 (2607) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇല്ലിത്തോട് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഭൂമി ലഭ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഡി) തടസ്സങ്ങൾ നീക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമായ ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

(ബി) ഇൻടേക്ക് വെല്ലിനും, ട്രീറ്റ്മെന്റ് പ്ളാന്റിനും ആവശ്യമായ ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും വിട്ടുകിട്ടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനുള്ള ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. ഭൂതല സംഭരണി പണിയാനുള്ള ഭൂമി സ്വകാര്യ വ്യക്തിയുടേതാണ്. സ്ഥലം മുൻകൂർ വിട്ടുകിട്ടാൻ ഉടമസ്ഥൻ തയ്യാറല്ല. ലാന്റ് സ് അക്യൂസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള ഭൂമി മുൻകൂർ ലഭ്യമാക്കുന്നതാണ് പ്രധാന തടസ്സം.

(ഡി) തടസ്സങ്ങൾ നീക്കി അക്വിസിഷന് ആവശ്യമായ നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. താമസം കൂടാതെ പ്രസ്തുത ഭൂമി അതോറിറ്റിക്കു ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കോതകുളങ്ങര സൗത്ത് വാട്ടർ സപ്ലൈ സ്കീം

149 (2608) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോതകുളങ്ങര സൗത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly